# Weekly Devotins - March 2018
# Come and warn about the Judgement

## (വന്ന് ശിക്ഷയുടെ മുന്നറിയിപ്പ്)



2017 ഡിസംബറിൽ സംഭവിക്കുവാൻ സാദ്ധ്യതയുള്ള ഒരു ദുരന്തവാർത്തയുടെ മുന്നറിയിപ്പ് കൃത്യസമയത്ത് നൽകാതെ അവഗണിച്ചതിന്റെ തിക്തഫലം കേരളം മാത്രമല്ല ലോകമനസ്സിനെ മുഴുവൻ വേദനിപ്പിച്ച സംഭവമാണ്. വചനത്തിലൂടെ മുന്നറിയിപ്പ് തന്ന ദൈവം തന്റെ പണിശാലയിലെത്തിക്കുന്ന നമ്മെ ശിക്ഷയിൽ നിന്ന് രക്ഷിക്കുവാൻ ശ്രമിക്കുന്നു. ഒരിക്കൽ രണ്ടു പിഞ്ചു കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട മാതാവ് നിലവിളിയോടെ ചോദിച്ചു "ദൈവമേ നീ എന്നെ സൃഷ്ടിച്ചത് എന്തിന് ഈ കഠിന വേദന തരുവാൻ ആയിരുന്നോ? അവരുടെ അടുക്കൽ നിന്ന് സഹോദരിയുടെ മറുപടി ഇപ്രകാരമായിരുന്നു. മകളേ നിന്നെ പണിയുന്നവന്റെ പണി പൂർത്തിയായില്ല, നിന്നെ ശിക്ഷിക്കാതെ രൂപപ്പെടുത്തുകയാണ്".

നാം ആയിതീരേണ്ടതുപോലെ ആയിതീരുവാനാണ് സൃഷ്ടാവായ ദൈവം നമുക്ക് മുന്നറിപ്പുകൾ തന്ന് പണിവാനാഗ്രഹിക്കുന്നത്. ശിക്ഷയുടെ മുന്നറിപ്പും പണിശാലയിലായ നമുക്ക് ലഭിക്കും. ഏലി പുരോഹിതന്റെ ഭവനത്തിൽ സംഭവിപ്പാൻ പോകുന്ന അനർത്ഥത്തെ പറ്റിയുള്ള മുന്നറിപ്പ് ശമുവേൽ എന്ന ബാലനോട് ആണ് 'വന്ന്' അറിയിച്ചത് (1ശമു:3:10) തെറ്റ് തിരുത്തുവാൻ കൊടുക്കുന്ന കാലയളവ് ഉപയോഗിക്കാത്തവർക്കുണ്ടാകുന്ന ദയനീയാവസ്ഥയുടെ ചിത്രമാണ് ഇവിടെ കാണുന്നത്. ഏലി ഒരു പുരോഹിതനായിട്ടും അയാളുടെ മക്കൾ നീചന്മാരും, യഹോവയെ ഓർക്കാത്തവരും ആയിരുന്നു. യഹോവയെക്കാൾ കൂടുതൽ മക്കളെ സ്നേഹിച്ച പിതാവ് നീചന്മാരായ മക്കളുടെ പ്രവർത്തികളെ തിരുത്തിയില്ല. ആധുനീക യുഗത്തിന്റെ (new gen :) ഒരു യഥാർത്ഥ ചിത്രമാണിത്. ഇന്ന് മക്കളു പ്രായമായി എന്ന് പറഞ്ഞ് രക്ഷകർത്താക്കൾ കണ്ണടയ്ക്കുമ്പോൾ തെറ്റു ചെയ്യുവാനുള്ള 'licence' ആയി, മക്കൾ അതിനെ വ്യാഖ്യാനിയ്ക്കുന്നു.

ഏലിയുടെ ഭവനത്തിന് വന്ന ന്യായവിധി നമ്മുടെ കുടുംബങ്ങളിൽ വരാതെ സൂക്ഷിക്കുക

Read (1ശമു: 2:31-34)

തെറ്റിന് ശിക്ഷയുണ്ടെന്നറിയിക്കുമ്പോഴും,പശ്ചാത്തപിക്കുന്നവരോട് ക്ഷമിക്കുന്നവനാണ് യഹോവ എന്നതിന്റെ തെളിവാണ്_നിനെവയിലെ ജനങ്ങളുടെ ജീവിതം യോനയെ ആണ് ദൂതമായി യഹോവ അയച്ചത് . '40' ദിവസം കഴിഞ്ഞ് സംഭവിഷ്പാൻ പോകുന്ന ഉന്മൂലനാശത്തെപ്പറ്റി കേട്ട ജനം രട്ടു പുതച്ച് , വെണ്ണീറിലിരുന്ന്, ദൈവത്തോട് നിലവിളിച്ചു. അനുതപിച്ച ജനത്തിന് വരുമെന്നറിയിച്ച അനർത്ഥത്തെ ഓർത്ത് യഹോവ ദു:ഖിയ്ക്കുകയും ശിക്ഷയിൽ നിന്ന് വിടുവിക്കുകയും ചെയ്തു. എന്നാൽ പിന്നിട് തെറ്റ് ചെയ്തവർ ശിക്ഷ ഏല്ക്കുകയും ചെയ്തു. Look (നഹും(2,3) chapters.

യിരെ:(4:1) ൽ പലകാരണങ്ങളാൽ അലഞ്ഞു നടക്കുന്നവരോട് യഹോവയുടെ വാക്കുകൾ മനം തിരഞ്ഞ് മടങ്ങിവരിക എന്നായിരുന്നു. മ്ലേച്ഛത ഉപേക്ഷിക്കുന്നവർക്ക് അലഞ്ഞുനടക്കേണ്ടി വരുകയില്ല. ഹൃദയത്തിന്റെ അഗ്ര ചർമ്മം നീക്കിക്കളയാത്തവരെ! വലിയ അനർത്ഥവും നാശവും തന്റെ സ്ഥലത്തു നിന്ന് പുറപ്പെട്ടിരിക്കുന്നത് ദേശത്തെ ശൂന്യമാക്കും എന്ന് മറക്കരുത്. പട്ടണങ്ങൾ നിവാസികളില്ലാത്തവണ്ണം നശിപ്പിക്കും മുൻപേ, മുന്നറിയിപ്പുകൾ കേൾക്കുക, അനുസരിക്കുക. ഇന്ന് വന്ന് ശിക്ഷയെപ്പറ്റി പറഞ്ഞാലും കേൾക്കുവാൻ ചെവിയുള്ളവർ ചുരുക്കമാണ്.

പ്രിയരേ! രക്ഷിക്കപ്പെട്ട ദൈവപൈതലായി ദൈവത്തിന്റെ പണിശാലിയിലെത്തുക. പിന്നീട് നമ്മെ നിയന്ത്രിക്കുന്നത് ദൈവമാണ്. സാത്താൻ അല്ല പഠനത്തിന്റെ കാലയളവ് വേഗം പൂർത്തീകരിപ്പാൻ, കേൾപ്പാൻ ചെവിയുള്ളവരായി കർത്താവിന് കീഴടങ്ങുക. ശിക്ഷയുടെ മുന്നറിയിപ്പ് കിട്ടിയിട്ടും ഫറവോനെയും കൂട്ടരെയും പോലെ ചെങ്കടൽ വരെ എത്തി നശിക്കുവാനിടയാകരുതേ. ലോകമാകുന്ന ചെങ്കടലിനപ്പുറം കടന്ന് നമുക്കും സ്തോത്ര ഗാനം പാടുവാനിടയാകട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind